**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3704** **27-06-2024 - ൽ മറുപടിയ്ക്ക്**

**കെ.എസ്.ആർ.ടി.സി മൊബിലിറ്റി ഹബ്ബ് പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എച്ച്. സലാം | | ശ്രീ കെ ബി ഗണേഷ് കുമാർ<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | കഴിഞ്ഞ സർക്കാർ ആവിഷ്കരിച്ചതും കിഫ്ബി ഫണ്ടുപയോഗിച്ച് നിർമ്മിക്കുന്നതുമായ ആലപ്പുഴ കെ.എസ്.ആർ.ടി.സി മൊബിലിറ്റി ഹബ്ബ് പദ്ധതിയുടെ നിർമ്മാണം മന്ദഗതിയിൽ മുന്നോട്ട് പോകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ആലപ്പുഴ മൊബിലിറ്റി ഹബ്ബ് നിർമ്മാണവുമായി ബന്ധപ്പെട്ട M/s. INKEL മുഖേന നടന്നുവരുന്ന Temporary Garage at Kalavoor എന്ന പ്രവൃത്തി 90% പൂർത്തിയായിട്ടുണ്ട്.<br><br>Fire Fighting Work ഏകദേശം 60% പൂർത്തീകരിച്ചിട്ടുണ്ട്. ആലപ്പുഴ മൊബിലിറ്റി ഹബ്ബിന്റെ ഡ്രോയിംഗ് പുതുക്കി ടൗൺ പ്ലാനിംഗ് ഓഫീസിൽ നൽകിയിട്ടുള്ളതും ആയതിന്റെ അംഗീകാരം ലഭ്യമാകുന്ന മുറയ്ക്ക് മാത്രമേ പ്രവൃത്തി ആരംഭിക്കാൻ സാധിക്കുകയുള്ളൂ എന്ന് M/s. INKEL അറിയിച്ചിട്ടുണ്ട്. |
| (ബി) | നിർമ്മാണത്തിൽ കാലതാമസം വരുന്നതിന്റെ കാരണം വ്യക്തമാക്കാമോ; നിലവിലെ നിർമ്മാണ പുരോഗതി വ്യക്തമാക്കാമോ; നിർമ്മാണം സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്; | (ബി) | ആലപ്പുഴ മൊബിലിറ്റി ഹബ്ബ് നിർമ്മാണവുമായി ബന്ധപ്പെട്ട M/s. INKEL മുഖേന നടന്നുവരുന്ന Temporary Garage at Kalavoor എന്ന പ്രവൃത്തി 90% പൂർത്തിയായിട്ടുണ്ട്.<br><br>Fire Fighting Work ഏകദേശം 60% പൂർത്തീകരിച്ചിട്ടുണ്ട്. ആലപ്പുഴ മൊബിലിറ്റി ഹബ്ബിന്റെ ഡ്രോയിംഗ് പുതുക്കി ടൗൺ പ്ലാനിംഗ് ഓഫീസിൽ നൽകിയിട്ടുള്ളതും ആയതിന്റെ അംഗീകാരം ലഭ്യമാകുന്ന മുറയ്ക്ക് മാത്രമേ പ്രവൃത്തി ആരംഭിക്കാൻ സാധിക്കുകയുള്ളൂ എന്ന് M/s. INKEL അറിയിച്ചിട്ടുണ്ട്. |
| (സി) | കോവിഡ്കാല പ്രതിസന്ധിയെത്തുടർന്ന് ആലപ്പുഴ ഡിപ്പോയിൽ നിന്നും നിർത്തിവെച്ചിരുന്ന തീരദേശ സർവ്വീസ് ആയ ആലപ്പുഴ - അമ്പലപ്പുഴ കാർഷിക മേഖലയിലൂടെയുള്ള ആലപ്പുഴ-പഴയനടക്കാവ് വഴി ആമയിട കെ.എസ്.ആർ.ടി.സി സർവ്വീസ് കോവിഡനന്തരം ഇതേവരെ സർവ്വീസ് ആരംഭിച്ചിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് പുനരാരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ? | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.<br><br>ടി സർവീസ് പുനഃരാരംഭിക്കുന്ന കാര്യം നിലവിൽ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ